**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 988** **31-01-2024 - ൽ മറുപടിയ്ക്ക്**

**ജനവാസകേന്ദ്രങ്ങളിൽ പുലിയുടെ സാന്നിദ്ധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല, വിതുര, പൊന്മുടി തുടങ്ങിയ ജനവാസകേന്ദ്രങ്ങളിൽ പുലിയുടെ സാന്നിദ്ധ്യം ഉണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ വിശദമാക്കാമോ; | (എ) | തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിന്റെ പരിധിയിൽപ്പെട്ട പെരിങ്ങമ്മല മേഖലയിൽ പുലിയുടെ സാന്നിദ്ധ്യം ഉണ്ടെന്ന് വാർത്ത പ്രചരിച്ചെങ്കിലും സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ പരുത്തിപ്പള്ളി റെയിഞ്ചിലെ വിതുര സെക്ഷനിലെ പട്ടൻകുളിച്ചപ്പാറ വയലിപ്പുല്ല് ഭാഗത്ത് 14.01.2024 ൽ ഒരു പുലിക്കുട്ടിയെ ചത്ത നിലയിൽ കണ്ടെത്തിയ സാഹചര്യത്തിൽ ടി ഭാഗത്ത് പുലിയുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടുണ്ട്. പാലോട്<br><br>റെയിഞ്ചിലെ പൊൻമുടി ഭാഗത്ത് ടൂറിസം മേഖലയായ വനഭാഗത്തിൽ പുലിയുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിരുന്നു. കുളത്തൂപ്പുഴ റെയിഞ്ചിലെ വനാതിർത്തിയിൽ സ്ഥിതിചെയ്യുന്ന പൊൻമുടി യു.പി. സ്കൂളിലെ പാചകത്തൊഴിലാളി സ്കൂളിന്റെ 100 മീറ്റർ പരിധിയിൽ പുലിയെ കണ്ടതായി അറിയിച്ചിട്ടുണ്ട്. തിരുവനന്തപുരം വനം ഡിവിഷനിലെ പൊന്മുടി ഉൾപ്പെടെയുള്ള വിവിധ വനഭാഗങ്ങളിൽ പുലിയുടെ സാന്നിദ്ധ്യം ഉണ്ടെന്നു വാർത്ത<br><br>വന്ന പലഭാഗങ്ങളിലും അവയുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടില്ല. |
| (ബി) | ആക്രമണസ്വഭാവമുള്ള വന്യമൃഗങ്ങൾ ജനവാസകേന്ദ്രങ്ങളിൽ കടക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ജനവാസമേഖലയിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ കൂടുകൾ സ്ഥാപിച്ച് പിടികൂടി അവയുടെ ആവാസ സ്ഥലത്തേക്ക് തിരികെ വിടുന്നതിനും പരിശീലനം ലഭിച്ച പാമ്പ് പിടുത്തക്കാരുടെ സഹായത്താൽ പാമ്പുകളെ കാടിനുള്ളിലേക്ക് വിടുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. വനത്തിനുള്ളിൽ ചെക്ക് ഡാമുകളും കുളങ്ങളും നിർമ്മിക്കുകയും സ്വാഭാവിക വനങ്ങളുടെ പുനരുത്ഭവം നടത്തിയും വന്യമൃഗങ്ങൾക്ക് കാട്ടിനുള്ളിൽ തന്നെ ഭക്ഷണവും ജലവും ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇക്കോ റെസ്റ്ററേഷൻ പദ്ധതി പ്രകാരം അക്കേഷ്യ, |

| | | | |
|---|---|---|---|
| | | | മാഞ്ചിയം മുതലായ വിദേശ സസ്യങ്ങളെ ഘട്ടം ഘട്ടമായി മുറിച്ച് നീക്കം ചെയ്ത് പ്രസ്തുത സ്ഥലങ്ങളിൽ തദ്ദേശീയ ഫലവൃക്ഷ തൈകൾ വച്ച് പിടിപ്പിച്ച് സ്വാഭാവിക വനമാക്കി മാറ്റി വരുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വന്യമൃഗങ്ങൾ ജനവാസപ്രദേശങ്ങളിലേക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുവാനായി ജനവാസമേഖലവരുന്ന ഭാഗങ്ങളിൽ സോളാർ ഫെൻസിംഗുകളും ആനക്കിടങ്ങുകളും നിർമ്മിച്ചും, മെയിന്റനൻസ് നടത്തിയും വരുന്നു. മനുഷ്യ - വന്യജീവി സംഘർഷം രൂക്ഷമായ സ്ഥലങ്ങളിൽ റെയിഞ്ച് സ്റ്റാഫുകളുടെ പ്രത്യേക നിരീക്ഷണവും പട്രോളിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. മനുഷ്യ- വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വനത്തിനോട് ചേർന്നും വനത്തിനുള്ളിലും താമസിക്കുന്ന സ്വയം സന്നദ്ധരായ ആൾക്കാർക്ക് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിച്ചിട്ടുള്ളതാണ്. |
| (സി) | പൊന്മുടി യു. പി സ്കൂൾ പരിസരത്ത് പുലിയെ കണ്ടെന്ന വാർത്ത സ്ഥിരീകരിക്കാവുന്നതാണോ; | (സി) | വനത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പൊന്മുടി സ്കൂൾ പരിസരത്ത് പുലിയെ കണ്ടുവെന്ന വാർത്ത സംബന്ധിച്ച് വനം വകുപ്പ് അന്വേഷണം നടത്തിയതിൽ ടി സ്ഥലത്ത് പുലിയുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്ന ലക്ഷണങ്ങളൊന്നും കണ്ടില്ലെങ്കിലും ടി വനമേഖലയിൽ പുലിയുള്ളതിനാൽ അത്തരം വാർത്തകളെ തള്ളിക്കളയാനാകില്ല. |
| (ഡി) | എങ്കിൽ പ്രസ്തുത സ്കൂൾ പ്രദേശത്തെ വന്യ മൃഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | വനത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പൊന്മുടി സ്കൂളിന്റെ നിലവിലെ കോമ്പൗണ്ടിനു ചുറ്റും സോളാർ ഫെൻസിംഗ് നിർമ്മിച്ച് നൽകുന്നതിന് വനം വകുപ്പ് സന്നദ്ധത<br><br>അറിയിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ ചെലവിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് സ്കൂൾ അധികൃതരുമായി കൂടിയാലോചന നടത്തി മേൽ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ